സഭൈക്യത്തെ സംബന്ധിച്ച ഡിക്രി

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ

ആമുഖം:

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലെ ഡിക്രികളുടെ ഗണത്തിലെ മൂന്നാമത്തേതാണു സഭൈക്യത്തെ സംബന്ധിച്ച ഡിക്രി. പൗരസ്ത്യസഭകളെ സംബന്ധിച്ച ഡിക്രി ഒപ്പുവച്ച അതേദിവസം തന്നെയാണ് (1964 നവംബർ 21) ഈ രേഖയും ഔദ്യോഗികമായി അംഗീകരിച്ചു പ്രഖ്യാപിച്ചത്. ഊനിത്താത്തിസ് റെദിന്തെഗ്രാസ്യോ (Unitatis Redintegratio = ഉൾച്ചേർക്കപ്പെട്ട ഐക്യം) എന്നതാണ് ഈ ഡിക്രിയുടെ ഔദ്യോഗിക ലത്തീൻ നാമം. വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ സഭകളുടെ കൂട്ടായ്മയും ഐക്യവും സംബന്ധിച്ച മാർഗ്ഗരേഖയാണ് ഈ ഡിക്രി. മിശിഹായുടെ ഏകസഭയിൽ ഭിന്നിപ്പുകൾ ഉണ്ടായ കാലം മുതല്ക്കേ ഐക്യത്തിനുള്ള ശ്രമങ്ങളും സഭയിൽ നടക്കുന്നുണ്ട്. ഈ സഭൈക്യ ശ്രമങ്ങൾ കൂടുതൽ ശ്രദ്ധേയമായത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലാണ്. സഭൈക്യ ശ്രമങ്ങളിൽ കത്തോലിക്കർ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ഈ പ്രമാണരേഖയിലൂടെ കൗൺസിൽ പിതാക്കന്മാർ വരച്ചുകാട്ടുന്നത്.

പ്രധാന പ്രബോധനങ്ങൾ:

i) സഭൈക്യപ്രവർത്തനങ്ങൾക്ക് ഒരു വിശദീകരണം:

സഭൈക്യപ്രവർത്തനങ്ങൾ എന്തെന്നും അവയുടെ സ്വഭാവം എന്തെന്നും ആദ്യമായിത്തന്നെ കൗൺസിൽ പിതാക്കന്മാർ വ്യക്തമാക്കുന്നു. ‘‘എല്ലാ ക്രൈസ്തവരും തമ്മിലുള്ള ഐക്യത്തിന്റെ പുനഃസ്ഥാപനത്തിനായി പരിശുദ്ധാരൂപിയുടെ വരങ്ങളാൽ ശക്തമാക്കപ്പെട്ട ഒരൊഴുക്ക് നമ്മുടെ വേർപെട്ട സഹോദരരിലും അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുകയാണ്. ഈ നീക്കത്തെയാണ് സഭൈക്യം എന്നു പറയുന്നത്’’ (n.1). സഭയുടെ വിവിധാവശ്യങ്ങളും കാലാനുസൃതമായ അവസരങ്ങളും മുൻനിർത്തി ക്രൈസ്തവൈക്യം വളർത്താനും ക്രമീകരിക്കാനും അവലംബിക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിശ്രമങ്ങളും ഇതിൽപ്പെടുന്നു. സഭകൾ തമ്മിലുള്ള പരസ്പര അംഗീകരണവും സംഭാഷണവുമാണ് ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവ (n.4).

ii) സഭൈക്യം സംബന്ധിച്ച കത്തോലിക്കാ തത്ത്വങ്ങൾ:

സഭകളുടെ കൂട്ടായ്മയും ഐക്യവും മിശിഹായുടെ രക്ഷാകരമായ ആഗ്രഹം തന്നെയാണെന്നും അവിടുന്ന് പരിശുദ്ധറൂഹാവഴി നമ്മെ എല്ലാവരെയും ഒരുമയിലേക്കു

നിരന്തരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നുവെന്നും ഈ പ്രമാണരേഖ നമ്മെ ഓർമ്മിപ്പിക്കുന്നു. കത്തോലിക്കാ സഭ ബഹുമാനത്തോടും സ്നേഹത്തോടും കൂടി സ്വസഹോദരരെപ്പോലെയാണു വേർപെട്ടുപോയ സഹോദരങ്ങളെ കരുതുന്നത്. കത്തോലിക്കാസഭയുമായി പൂർണ്ണമായ കൂട്ടായ്മയിലായിട്ടില്ലെങ്കിലും ഭാഗികമായ ഐക്യത്തിലാണ് അവരെല്ലാവരും വർത്തിക്കുന്നത് (n.3). കത്തോലിക്കാസഭയുടെ ദൃശ്യസീമകൾക്കപ്പുറവും ക്രൈസ്തവമൂല്യങ്ങളും കൃപകളും ഉണ്ടെന്നു പിതാക്കന്മാർ തുറന്ന് അംഗീകരിക്കുന്നു. കത്തോലിക്കാസഭയിൽ നിന്നു വേർപിരിഞ്ഞു നിൽക്കുന്ന സഭകളെയും പരിശുദ്ധാരൂപി രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളായി ഉപയോഗിക്കുന്നുണ്ട്. എങ്കിലും രക്ഷയുടെ എല്ലാ മാർഗ്ഗങ്ങളും അവയുടെ പൂർണ്ണതയിൽ നാം ദർശിക്കുന്നതു പത്രോസിന്റെ പിൻഗാമിയായ റോമാമാർപാപ്പായോടു ചേർന്നു നിൽക്കുന്ന കത്തോലിക്കാസഭയിലാണ് എന്നും പിതാക്കന്മാർ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. മിശിഹായുടെ ഏക സഭയാണ് എല്ലാ കൃപാവരങ്ങളുടെയും യഥാർത്ഥ അവകാശി. കത്തോലിക്കാവിശ്വാസികൾ അവരുടെ മെത്രാന്മാരോടു ചേർന്നു നിന്നു സഭൈക്യശ്രമങ്ങളിൽ ഔദാര്യപൂർവ്വം സഹകരിക്കണമെന്നും ജീവിതസാക്ഷ്യത്തിനായി അവിശ്രമം അദ്ധ്വാനിക്കണമെന്നും കൗൺസിൽ ആഗ്രഹിക്കുന്നു. സഭകളുടെ വൈവിധ്യം ഒരിക്കലും ഐക്യത്തിനു പ്രതിബന്ധമല്ലെന്നും മറിച്ച്, അവ സഭയുടെ കാതോലികതയെ വെളിപ്പെടുത്തുന്നവയാണെന്നും ഈ പ്രമാണരേഖ ഓർമ്മിപ്പിക്കുന്നു (nos. 4,16–17).

iii) സഭൈക്യത്തിനുള്ള പ്രായോഗികമാർഗ്ഗങ്ങൾ:

ആത്മവിമർശനവും ആത്മനവീകരണവും ഹൃദയപരിവർത്തനവുമാണു സഭൈക്യത്തിനുള്ള പ്രഥമവും പ്രധാനവുമായ മാർഗ്ഗം. കൂടാതെ സഭൈക്യത്തിനു വേണ്ടിയുള്ള പ്രാർത്ഥനകളും പരസ്പര തുറവിയോടെയുള്ള സംഭാഷണങ്ങളും ചർച്ചകളും സഭകൾ തമ്മിലുള്ള ആത്മീയ സഹകരണവും നിരന്തരമായി പ്രോത്സാഹിപ്പിക്കപ്പെടണം. സഭൈക്യസംഭാഷണങ്ങളിൽ കത്തോലിക്കാ വിശ്വാസപഠനങ്ങൾ വ്യക്തമായും സമഗ്രമായും അവതരിപ്പിക്കണമെന്നും തെറ്റായ ഒത്തുതീർപ്പു മനോഭാവങ്ങൾ സഭൈക്യത്തിനു ഘടകവിരുദ്ധമാണെന്നും പ്രമാണരേഖ ഓർമ്മിപ്പിക്കുന്നു (nos. 5–12).

iv) പൗരസ്ത്യ സഭകളുടെ പൗരാണികത:

കത്തോലിക്കാ സഭയിൽനിന്നും വേർപെട്ടു കഴിയുന്ന എല്ലാ സഭകളെയും അവൾ ആദരവോടെ പരിഗണിക്കുന്നു. എങ്കിലും കിഴക്കൻ സഭകളുടെ പൗരാണികത ഈ പ്രമാണരേഖ പ്രത്യേകം എടുത്തു പറയുന്നുണ്ട്. പൗരസ്ത്യസഭകളുടെ ശ്ലൈഹികതയും ആദ്ധ്യാത്മിക പൈതൃകവും ആരാധനാക്രമങ്ങളുമെല്ലാം സവിശേഷമായ ആദരവോടെയാണു കത്തോലിക്കാസഭ പരിഗണിക്കുന്നത്. പൗരസ്ത്യ കത്തോലിക്കാ

സഭകളിലെ കൂദാശകളുടെ സാധുത കൗൺസിൽ അംഗീകരിച്ച് ഏറ്റുപറയുന്നുണ്ട്. അവയുടെ സഭാഘടനയും ഹയരാർക്കിക്കൽ സംവിധാനങ്ങളുമെല്ലാം തിരുസഭയുടെ സൗന്ദര്യം വർദ്ധിപ്പിക്കുകയാണെന്ന് ഈ പ്രമാണരേഖ ഊന്നിപ്പറയുന്നു (n. 16). ദൈവശാസ്ത്ര പഠനങ്ങളിൽ കിഴക്കും പടിഞ്ഞാറും അവലംബിക്കുന്ന വ്യത്യസ്തമാർഗ്ഗങ്ങൾ പരസ്പര വിരുദ്ധങ്ങളല്ലെന്നും അവയെ പരസ്പര പൂരകങ്ങളായി കാണണമെന്നും സൂനഹദോസു പിതാക്കന്മാർ ആഗ്രഹിക്കുന്നു (n.17). പൗരസ്ത്യ കത്തോലിക്കാ സഭകളും പൗരസ്ത്യ സഭകളും തമ്മിലുള്ള ഐക്യത്തിനു വേണ്ടതെല്ലാം ഉദാരമായി ചെയ്യുവാൻ സൂനഹദോസു പിതാക്കന്മാർ കത്തോലിക്കാ വിശ്വാസികളെ നന്നായി അനുസ്മരിപ്പിക്കുന്നുണ്ട്. പൗരസ്ത്യ അകത്തോലിക്കാസഭകളോടെന്നതു പോലെ പാശ്ചാത്യ അകത്തോലിക്കാസഭകളുമായുള്ള സഭൈക്യ ശ്രമങ്ങളും പൂർവ്വാധികം ശക്തിപ്പെടുത്തണമെന്നും ഈ പ്രമാണരേഖ ഓർമ്മപ്പെടുത്തുന്നുണ്ട്. ഈശോയിലുള്ള വിശ്വാസത്തിലും മാമ്മോദീസായിലും വി. ഗ്രന്ഥ പഠനങ്ങളിലുമെല്ലാം ഏകദേശധാരണകൾ ഉണ്ടെങ്കിലും മറ്റു പാശ്ചാത്യ അകത്തോലിക്കാ സഭകളുമായുള്ള കൗദാശിക സഹകരണത്തിലും വചനവ്യാഖ്യാനങ്ങളിലുമൊക്കെ ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ടെന്നും കൗൺസിൽ പിതാക്കന്മാർ തുറന്നു പറയുന്നുണ്ട്. വിഭജനങ്ങളുടെ മുറിവുകൾ ആഴമുള്ളവയെങ്കിലും വലിയ തീക്ഷ്ണതയോടും പ്രതീക്ഷയോടും കൂടിയാണു സഭൈക്യപ്രവർത്തനങ്ങളെ സൂനഹദോസ് വിലയിരുത്തുന്നത്. മിശിഹായുടെ ഏക സഭയുടെ ഐക്യത്തിലേക്കു കഴിവതും വേഗം എല്ലാ ക്രൈസ്തവരും ഒന്നുചേരട്ടെ എന്നു നമുക്കും പ്രത്യാശയോടെ കാത്തിരിക്കാം, പ്രാർത്ഥിക്കാം.